**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1243** **10-10-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ നെന്മേനി-സീതാർകുണ്ട് , പിട്ടുപ്പീടിക-കോളോട്-മാങ്ങോട് എന്നീ റോഡുകളുടെ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | (എ) | ബബഡ്ജറ്റ്: നെന്മേനി-സീതാർകുണ്ട് റോഡിൽ കി മീ.0/000 മുതൽ 6/208 വരെ ബി.എം ബി.സി ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ- എന്ന പ്രവൃത്തിയ്ക്ക് 32499000/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 7 മാസം പൂർത്തീകരണ കാലാവധിയോടുകൂടി പ്രസ്തുത പ്രവർത്തി ടെൻഡർ ചെയ്യുകയും 16/12/2021-ൽ കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. തുടർച്ചയായി പ്രവൃത്തി തുടങ്ങാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടും യാതൊരു പ്രവൃത്തിയും കരാറുകാരൻ ചെയ്യാത്തതിനാൽ 02/08/2023 ന് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുകയുണ്ടായി. ഈ കാലയളവിനിടെ കരാറുകാരൻ പ്രസ്തുത റോഡിൽ പ്രവൃത്തി ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പ്രവൃത്തി തടസ്സമാണെന്നും മറ്റും ചൂണ്ടിക്കാണിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി നിർദ്ദേശ പ്രകാരം കരാറുകാരനെ നേരിൽ ഹിയറിങ് നടത്തിയ ശേഷം ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തതിനെതിരെ നിലവിൽ കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിന് Statement of Facts ബഹു. കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.<br><br>കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തിയിൽ ജി എസ് ടി നിരക്ക് 12% ആണ്. നിലവിൽ ജി.എസ് ടി നിരക്ക് 18 % ആയതിനാൽ, ബാലൻസ് പ്രവൃത്തിക്ക് 18% ജി എസ് ടി നിരക്ക് ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | പിട്ടുപീഡിക-കോളോട് - മാങ്ങോട് റോഡ്- ഈ പ്രവൃത്തി റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. അവശേഷിക്കുന്ന റെസ്റ്റോറേഷൻ പ്രവൃത്തി ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ബഡ്ജറ്റ്: നെന്മേനി-സീതാർകുണ്ട് റോഡിൽ കി.മ. 0/000 മുതൽ 6/208 വരെ ബി.എം ബി.സി ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ -<br><br>കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തിയിൽ ജി എസ് ടി നിരക്ക് 12% ആണ്. നിലവിൽ ജി.എസ് ടി നിരക്ക് 18 % ആയതിനാൽ, ബാലൻസ് പ്രവൃത്തിക്ക് 18% ജി എസ് ടി നിരക്ക് ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൽ ജീവൻ മിഷൻ പദ്ധതിയിൽ റോഡ് കട്ടിങ്ങിന്റെ പുനഃസ്ഥാപന പ്രവൃത്തിയും ബാലൻസ് വർക്കിനോടൊപ്പം നടപ്പിലാക്കേണ്ടതുണ്ട്.<br><br>പിട്ടുപീഡിക – മൈലാർ - മാങ്ങോട് റോഡ് കി.മീ. 0/000-4/300 അഭിവൃദ്ധിപ്പെടുത്തൽ - നെന്മാറ നിയോജകമണ്ഡലം<br><br>ടി പ്രവൃത്തി പഞ്ചായത്തുകളുടെ അധീനത യിലുള്ള റോഡിലാണ് നടപ്പിലാക്കുന്നത്. ഈ റോഡിൽ കുടിവെള്ള പൈപ്പുകൾ കുറഞ്ഞ ആഴത്തിൽ സ്ഥിതി ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റിൽ ഈ പൈപ്പുകൾ ആവശ്യമായ താഴ്ചയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള തുക ഉൾപ്പെടുത്തിയിരുന്നില്ല, കൂടാതെ ഈ റോഡിൽ JJMപൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി അപേക്ഷിച്ചിട്ടുള്ളതും തുടർന്ന് ഡിമാൻഡ് നോട്ടീസ് തുക ഒടുക്കി ഇതിന് അനുവാദം നൽകിയിട്ടുള്ളതുമാണ്. ഇതോടൊപ്പം തന്നെ പഞ്ചായത്ത് റോഡുകളിലെ താഴ്ച കുറവായുള്ള സ്ഥലങ്ങളിലെ പൈപ്പ് ലൈൻ താഴ്ത്തി ഇടുന്നതിന് നെന്മാറ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കേരള വാട്ടർ അതോറിറ്റി / പഞ്ചായത്ത് സമിതികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ